## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2037** **17.06.2014-ൽ മറുപടിയ്ക്ക്**

# ലോഡ്ഷെഡ്ഡിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ലോഡ് ഷെഡിംഗ് നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വൈകീട്ട് 30 മിനിറ്റും 45 മിനിറ്റും വീതം അപ്രഖ്യാപിതമായി ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കാലവർഷം തുടങ്ങുവാൻ വൈകിയതു മൂലം വൈദ്യുതി ഉപഭോഗത്തിൽ പ്രതീക്ഷിച്ചിരുന്നതിലും വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. കൂടാതെ കേന്ദ്ര വൈദ്യുത ഉൽപ്പാദന കേന്ദ്രങ്ങളിലെ ജനറേറ്ററുകളുടെ തകരാറുമൂലവും കേരളത്തിനു ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇതിനു പുറമേ കോറിഡോർ ലഭ്യത കുറഞ്ഞതുമൂലം ജൂൺ ഒന്നു മുതൽ കേരളം പുറമെ നിന്നും വാങ്ങിയിരുന്ന വൈദ്യുതിയിലും കുറവുണ്ടായി. കായംകുളം നിലയത്തിലെ ജനറേറ്റർ # 2 അപ്രതീക്ഷിതമായി പ്രവർത്തനം നിലച്ചതു മൂലം ഏകദേശം 170 മെഗാവാട്ട് കുറവുണ്ടായി. കൂടാതെ കേന്ദ്ര ഉല്പാദനനിലയങ്ങളായ രാമഗുണ്ടം (# 5) കൈഗ (# 4) ജനറേറ്ററുകൾ വാർഷിക അറ്റകുറ്റപണികളിലായതിനാൽ ലഭ്യതയിൽ 77 മെഗാവാട്ടിന്റെ കുറവുണ്ടായി. കേരളത്തിന്റെ ശബരിഗിരി നിലയവും അറ്റകുറ്റ പണികൾക്കായി പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.<br>ഇപ്പോഴത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം കണക്കിലെടുത്താണ് വൈകുന്നേരങ്ങളിൽ മുക്കാൽ മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് സംസ്ഥാനത്ത് ഏർപ്പെടുത്തിയത്. |

(സി) ഓരോ ദിവസവും ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതിന് എത്ര സമയം മുൻപാണ് വൈദ്യുതി ബോർഡിൻെറ ആസ്ഥാനത്ത് തീരുമാനം എടുക്കുന്നത് ;

(ഡി) വൈദ്യുതി ഭവൻ ആസ്ഥാനത്തെ പബ്ളിക് റിലേഷൻസ് വിഭാഗത്തെ ഇതു സംബന്ധിച്ച് മാദ്ധ്യമങ്ങൾക്ക് അറിവു നൽകാനായി ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) & (ഡി) വൈദ്യുതിയുടെ ആവശ്യകതയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും മുൻകൂട്ടി വിലയിരുത്തി തീർത്തും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിലാണ് ലോഡ് ഷെഡ്ഡിംഗ് പോലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതു സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. ഇങ്ങനെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു മുമ്പ് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ.**